പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:799 28.09.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സി. പുതുതായി വാങ്ങിയ ബസ്സുകൾ

ചോദ്യം ഉത്തരം

ശ്രീ. എ.എ. അസീസ്

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.എത്ര ബസുകളാണ് പുതുതായി വാങ്ങിയത്; ഏതെല്ലാം തരത്തിലുള്ളവ; | (എ) | ഈ വർഷം പുതുതായി 1,000 ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നതിൽ 500 ബസ്സുകൾക്കുള്ള ചേസീസ്സ് ഓപ്പൺ ടെൻഡർ വിളിച്ച് ഓർഡർ നൽകിയിട്ടുണ്ട്. ഒക്ടോബർ, നവംബർ മാസങ്ങളിൽ ചേസിസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ബോഡി നിർമ്മാണം നടത്തി നിരത്തിലിറക്കുന്നതാണ്. ഈ 500 ചേസിസ്സുകൾ ഉപയോഗിച്ച് 100 ഓർഡിനറി, 300 ഫാസ്റ്റ് പാസഞ്ചർ, 100 സൂപ്പർ ഫാസ്റ്റ് എന്നീ തരത്തിലുള്ള ബസ്സുകളാണ് നിരത്തിലിക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സിയുടെ പ്രതിദിന നഷ്ടം എത്രയാണ്; | (ബി) | 2011 സെപ്റ്റംബർ മാസത്തെ കളക്ഷനെ അടിസ്ഥാനമാക്കി കെ.എസ്.ആർ.ടി.സിയുടെ പ്രതിദിന നഷ്ടം ശരാശരി 91 ലക്ഷം രൂപയാണ്. |
| (സി) | നഷ്ടം നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (സി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഏതാണ്ട് 900 ഓളം ഷെഡ്യൂളുകൾക്ക് കിലോമീറ്റർ പ്രതി വരുമാനം 20 രൂപയ്ക്ക് താഴെയായിരുന്നു. ഇവയിൽ 525 ഷെഡ്യൂളുകൾ വരുമാനം കൂടുതൽ ലഭിക്കത്തക്ക രീതിയിലും യാത്രക്കാർക്ക് പ്രയോജനപ്രദമായ രീതിയിലും പുനഃക്രമീകരിച്ചിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടണങ്ങളുടെ പ്രധാന കേന്ദ്രങ്ങളിൽ സ്ഥിതി ചെയ്യുന്ന ഡിപ്പോകളിൽ |

| | | | |
|---|---|---|---|
| | | | ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം നടന്നുവരികയാണ്. ഇവയിൽ കാട്ടാക്കട, അങ്കമാലി എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി ദീർഘ ദൂര സർവ്വീസുകൾക്ക് സൂപ്പർ എക്സ്പ്രസ്സ് എയർ ബസ്സ് ഉപയോഗിച്ച് വരികയാണ്. ഓൺ ലൈൻ റിസർവ്വേഷൻ സൗകര്യം ദീർഘദൂര സർവ്വീസുകളിൽ വ്യാപകമാക്കുന്നതാണ്. ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനും പദ്ധതികൾ ആലോചിച്ച് വരുന്നു. ഈ വർഷം ആദ്യ ഘട്ടമെന്ന നിലയ്ക്ക് 500 ബസ്സുകൾ വാങ്ങുന്നതിനും ടി ബസ്സുകൾ ഉപയോഗിച്ച് ലാഭകരമായി നടത്തുവാൻ കഴിയുന്ന ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. ബസ് വാങ്ങൽ, ബോഡി നിർമ്മാണം, ഇന്ധനചെലവ്, ടയർ, സ്പെയർ പാർട്സ് എന്നിവയിൽ ഉണ്ടാകുന്ന ചെലവ് പരമാവധി കുറയ്ക്കുന്നതിന് ശ്രമിക്കുന്നുണ്ട്.<br>പരസ്യങ്ങളിൽ നിന്നും ഉണ്ടാകുന്ന വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | എം.എൽ.എ.മാരുടെ അപേക്ഷപ്രകാരം പുതിയ ബസ് റൂട്ടുകൾ അനുവദിക്കുമോ? | (ഡി) | പുതിയ സർവ്വീസുകൾ തുടങ്ങുന്നതിന് ജനപ്രതിനിധികളും പൊതുപ്രവർത്തകരും സംഘടനകളും നൽകുന്ന അപേക്ഷകൾ സാധ്യതാ പഠനത്തിന് വിധേയമാക്കുകയും ലാഭകരമായും യാത്രക്കാർക്ക് പ്രയോജനപ്രദമായും നടത്തുവാൻ കഴിയുമെന്ന് ബോധ്യപ്പെട്ടാൽ ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതക്കനുസരിച്ച് സർവ്വീസ് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ